# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2023 ആഗസ്റ്റ് 15


**പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം, ഇന്ത്യൻ സ്വാതന്ത്ര്യദിനം**



# സ്വർഗ്ഗവും നരകവും പിന്നെ ഞാനും...

പുറപ്പാട് 15:11-18, ശ്ലീഹാ 1:6-14, റോമ 16:17-27 (16:127), യോഹന്നാൻ 2:1-12
(യോഹന്നാൻ 2:1-12+മത്തായി 12:46-50+13:53-57+ ലൂക്കാ 11:27-28)

വർഷങ്ങൾക്ക് മുമ്പൊരു വേദ പാഠക്ലാസിൽ, എന്തോ കരുത്തക്കേടൊപ്പിച്ചതിന് ടീച്ചറുടെ വക താക്കീത് കലർന്നൊരു ചോദ്യം; നിനക്ക് സ്വർഗ്ഗത്തിൽ പോകണോ, അതോ നരകത്തിൽ പോകണോ? ഒട്ടും അമാന്തിക്കാതെ എന്റെ ഉത്തരം - സ്വർഗ്ഗം! സ്വർഗ്ഗത്തിലെ സുഖസൗകര്യങ്ങളോ, അതിന്റെ ഗുണഗണങ്ങളോ അറിഞ്ഞിട്ടല്ല, അതുവരെ കേട്ടതുമുഴുവൻ നരകത്തെ കുറിച്ചായിരുന്നു. കൊടും തീയാണത്രെ. അതും ഒരിക്കലും കെടാത്ത തീ.. കത്തിക്കരിഞ്ഞങ്ങു തീരില്ല. വെന്തുരുകി അങ്ങനെ കിടക്കും, കാലങ്ങളോളം.. വിശന്നാലും ദാഹിച്ചാലും തീ തന്നെ ശരണം! കത്തിച്ചുവെച്ചൊരു മണ്ണെണ്ണ വിളക്കിന്റെ തീതുമ്പിലൊന്നു തൊട്ടതിന്റെ പൊള്ളല് ഇന്നും മാറിയിട്ടില്ല.. അപ്പഴാ ആസകലം തീ...

അതുകൊണ്ട് സ്വർഗ്ഗം മതി.. പക്ഷെ എന്താണ് സ്വർഗ്ഗത്തിന്റെ ഒരവസ്ഥ? എന്തൊക്കെ കാണും അവിടെ ? പിന്നീടൊരു ക്ലാസിൽ മറ്റാരുടെയോ ഒരു ചോദ്യത്തിന് ഉത്തരമായി ടീച്ചർ അതും വിവരിച്ചു. സ്വർഗ്ഗം സുന്ദരമാണത്രെ. സന്തോഷം, സമാധാനം, കളിചിരിബഹളം, എന്നും ആഘോഷം, എങ്ങും ഉത്സവപ്രതീതി..

കുട്ടികൾക്കാണെങ്കിൽ, സ്കൂളിൽ പോകണ്ട, പഠിക്കണ്ട, ടീച്ചർമാരുടെ തല്ലുകൊള്ളണ്ട... എപ്പഴും കളിക്കാം. കളിച്ചു തളരുമ്പോൾ, നല്ല ഭക്ഷണം കഴിക്കാം... ടീച്ചർ അത് ഒന്നുകൂടി അലങ്കരിച്ചു പറഞ്ഞു. സ്വർഗ്ഗം നിറയെ മിഠായി കായ്ക്കുന്ന മരങ്ങൾ ഉണ്ട




ജയിൻ ജോർജ്ജ് തട്ടാരപറമ്പിൽ

ത്രെ. പച്ചക്കടലാസിൽ പൊതിഞ്ഞ പാരീസ് മിഠായിയും പുളിയും മധുരവും നാവിൽ നിറയുന്ന ഓറഞ്ച് മിഠായിയുമൊക്കെ കുലകളായി നിൽക്കുന്ന മരങ്ങൾ! ഒന്നോർത്തു നോക്കി, പള്ളിപടിക്കലുള്ള പെട്ടിക്കടയിലെ ചില്ലുകുപ്പികളിൽ കണ്ട പല്ലൊട്ടി ചൗ, ചെണ്ട, കരിമ്പ്, തേൻ നിലാവ് തുടങ്ങിയ മിഠായികൾ കുലച്ചു നിൽക്കുന്ന മരങ്ങൾ ഉള്ള ഒരു സ്വർഗ്ഗം! തീർന്നില്ല, അവിടെ ബിസ്ക്കറ്റ് മലകളും, ഐസ്ഫ്രൂട്ട് കുന്നുകളും, അതിനെയെല്ലാം ചുറ്റി തേനും പാലുമൊഴുകുന്ന അരുവികളും പുഴകളും ഉണ്ടെന്നുകൂടി ടീച്ചർ പറഞ്ഞതോടെ ഉറപ്പിച്ചു, മരിച്ചാലും വേണ്ടില്ല, സ്വർഗ്ഗത്തിൽ പോകാം. (അവിടെ ഒരു രണ്ടുദിവസം താമസിച്ചാൽ തന്നെ ഷുഗർ വരില്ലേ എന്ന് ടീച്ചറോട് അന്ന് ചോദിച്ചില്ല. കാരണം, ഇന്നത്തെപോലെ ഷുഗർ അന്ന് അത്ര 'വൈറൽ' ആയിരുന്നില്ലല്ലോ. തന്നേയുമല്ല, ടീച്ചറുടെ വിവരണം അനുസരിച്ച്, പാലിനും തേനിനും പകരം മിനിമം സംഭാരമൊഴുകുന്ന ഒരു സംവിധാനമെങ്കിലും അവിടെ കാണുമെന്നു കരുതി.

അങ്ങനെ സ്വർഗ്ഗനരകങ്ങളുടെ ഈ വിവരണങ്ങൾ വിശ്വസിച്ച്' പകച്ചു' പോയൊരു ബാല്യകൗമാരം!

പിന്നീട്, ജൻമനാൽ ഇല്ലാത്ത പുച്ഛവും നിഷേധവും അഹങ്കാരവുമൊക്കെ എവിടുന്നോ കയറി വരുന്ന യൗവനകാലം. ആ ഒരു ഏനക്കേട് എനിക്കും ഉണ്ടായി. അതിന്റെ ആദ്യപടിയാണല്ലോ ദൈവം വെറും മിഥ്യ (അതോ മിത്തോ?) എന്നുള്ള ദൃഢപ്രഖ്യാപനം. പതിവുതെറ്റിച്ചില്ല. ഉപോത്പന്നങ്ങളായ സ്വർഗ്ഗവും നരകവുമൊക്കെ പാതിരിമാർ പടച്ചുവിടുന്ന കെട്ടുകഥകളാണെന്നുകൂടി പറഞ്ഞ് സംതൃപ്തിയടഞ്ഞൊരു കാലം! ദിവസം മുഴുവൻ സ്തുതിച്ചുകൊണ്ടിരുന്നാൽ ബോറടിക്കും എന്നുള്ളതുകൊണ്ടുമാത്രം, മരിച്ചാൽ സ്വർഗ്ഗത്തിൽ പോകാൻ താൽപര്യമില്ലെന്നു പറഞ്ഞ അമ്മൂമ്മയെ അങ്ങു സമ്മതിച്ചു കൊടുത്തു. കാലാവസ്ഥയ്ക്ക് നല്ലത് സ്വർഗ്ഗവും 'കമ്പനിയടി'ക്കാൻ നല്ലത് നരകവുമാണെന്നു പറഞ്ഞ മാർക് ടൈ്വയിനും കൊള്ളാം.

പക്ഷെ, അധികനാളത്തേക്കൊന്നും ആ അഹങ്കാരം നീണ്ടുനിന്നില്ല. മുന്നോട്ടുള്ള വഴി മുഴുവൻ മുള്ളും കല്ലും നിറഞ്ഞ്, ഒന്നു അനങ്ങാൻ പോലുമാവാതെ ശ്വാസം മുട്ടിയപ്പോൾ, അറിയാതെയെങ്കിലും വിളിച്ചുപോയത്, 'ദൈവമേ' എന്നായപ്പോൾ, അതുവരെ കൊണ്ടുനടന്ന ആ 'ആന്റിതിയോളജിക്കൽ മൂവ്മെന്റ്' അപ്പാടെ അങ്ങുപേക്ഷിച്ചു. അപ്പോഴും സ്വർഗ്ഗനരകങ്ങളെക്കുറിച്ചുള്ള സംശയം ബാക്കി. വിശുദ്ധ ഗ്രന്ഥത്തിൽ പോലും ഇതിനെക്കുറിച്ചൊക്കെയുള്ള വിവരണങ്ങളോ, വിശദീകരണങ്ങളോ കൃത്യമായി വായിച്ചെടുക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ഉണ്ടെങ്കിൽ തന്നെ, അത് എത്രയോ വൈവിധ്യം നിറഞ്ഞതും സങ്കീർണവുമാണ്. ഉൽപത്തി മുതൽ വെളിപാട് വരെയുള്ള ഭാഗങ്ങളിൽ തൊട്ടും തൊടാതെയുമുള്ള, ചിലപ്പോഴൊക്കെ അവ്യക്തമാണന്നു വരെ തോന്നുന്ന പരാമർശങ്ങൾ ഉണ്ടെങ്കിലും, സ്വർഗ്ഗ-നരകങ്ങളും നിത്യജീവനുമെല്ലാം മരണശേഷം മാത്രം വെളിപ്പാടാനിരിക്കുന്ന മഹനീയമായൊരു ദൈവരഹസ്യമായി മുദ്രവെയ്ക്കപ്പെട്ടിരിക്കുന്നു എന്നുവേണം കരുതാൻ. അങ്ങനെ വിശ്വസിക്കുന്നതാണ് ഉചിതവും.

## സ്വർഗം കാത്തിരുന്ന ഒരു അമ്മ

"അമലോത്ഭവ ദൈവമാതാവ്, നിത്യകന്യകയായ മറിയം, അവളുടെ ഭൗമിക ജീവിതം പൂർത്തിയാക്കിയതിനുശേഷം, ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗീയ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു"

1950 നവംബർ ഒന്നാം തീയതി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയാണ് ' ഏറ്റവും ദയാനിധിയായ ദൈവം' എന്ന അപ്പസ്തോലിക പ്രമാണത്തിലൂടെ ഇങ്ങനൊരു പ്രഖ്യാപനം നടത്തിയത്. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ചുള്ള ഔദ്യോഗിക പ്രഖ്യാപനമായിരുന്നു അത്.

അമലോത്ഭവയായ, ദൈവമാതാവായ, നിത്യകന്യകയായ മറിയം. അങ്ങനൊരു അമ്മയെ സ്വർഗ്ഗം കാത്തിരുന്നിട്ടുണ്ടാവണം. 'ഹവ്വാ പാപത്തിൽ വീഴുന്നതിന് മുമ്പ്, എത്ര പരിശുദ്ധയായിരുന്നോ, അതിനേക്കാൾ പരിശുദ്ധയായ ഒരു അമ്മ' (വിശുദ്ധ എഫ്രേം).

വെളിപാടിന്റെ പുസ്തകത്തിൽ പറയുന്ന സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ, അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ, ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം. സ്വർഗ്ഗത്തിൽ ഇത്രമാത്രം വിലമതിക്കപ്പെടുന്ന പരിശുദ്ധ കന്യകാമറിയം, ദൈവപുത്രന് ജന്മം നൽകിയവളാണ്.

ത്രിയേക ദൈവം ബഹുമാനിച്ചവൾ, ദൈവകൃപ നിറഞ്ഞവൾ, സ്ത്രീകളിൽ ഏറ്റവും അനുഗൃഹീത. സ്വർഗ്ഗത്തിന് ഏറ്റവും അനുയോജ്യയായവൾ! മനുഷ്യാവതാരകാലത്ത് ഭൗമിക പിതാവില്ലാതെ കന്യകയായ മാതാവിൽ നിന്നും ജനിച്ചവൻ, തന്റെ അമ്മയെ സ്വർഗത്തിലേക്കെടുത്ത് സ്വർഗ്ഗരാജ്ഞിയായി വാഴിച്ചു. അങ്ങനെ തനിക്ക് ഉദരത്തിൽ ഇടം നൽകിയവളെ സ്വർഗ്ഗത്തിൽ ഇടം നൽകി ആദരിച്ചു.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം, ഒരു വിശ്വാസസത്യമായി, സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചത് 1950-ലാണെങ്കിലും, ആദ്യ നൂറ്റാണ്ടുകൾ മുതലുള്ള വിശ്വാസ പാരമ്പര്യത്തിലും, സഭാ പിതാക്കൻമാരുടേയും വേദശാസ്ത്രപണ്ഡിതരുടെയും പ്രബോധനങ്ങളിലും, വിവിധ സഭകളുടെ പ്രാചീനമായ ആരാധനക്രമങ്ങളിലും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ കാണാം. യേശുവിന്റെ മരണത്തിനും ഉയിർപ്പിനും ശേഷമുള്ള പരിശുദ്ധ മറിയത്തിന്റെ ജീവിതത്തെ

ക്കുറിച്ചും, മരണത്തെക്കുറിച്ചും വ്യത്യസ്തങ്ങളായ വിവരണങ്ങളാണ്, അപ്പോക്രിഫൽ പുസ്തകങ്ങളായ തോമായുടെ സുവിശേഷത്തിലും, യാക്കോബിന്റെ സുവിശേഷത്തിലും കാണപ്പെടുന്നത്. വീണ്ടുമൊരു വിഭജനത്തിൽ ജറുസലേം- എഫേസൂസ് പാരമ്പര്യങ്ങളായും അവ കാണപ്പെടുന്നുണ്ട്. എന്തു തന്നെയായാലും മറിയം മരണത്തിനുശേഷമോ, അതോ ജീവനുള്ള ശരീരത്തോടെ തന്നെയോ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നതാണ് ഏവരും അംഗീകരിക്കുന്ന ഒരു വസ്തുത. "ഭാഗ്യവതിയായ കന്യകയുടെ സ്വർഗ്ഗാരോപണം അവളുടെ പുത്രന്റെ പുനരുത്ഥാനത്തിലുള്ള മുന്നാസ്വാദനമാണ്. കൃപാവരത്തിന്റെ ക്രമത്തിൽ മറിയം വിശ്വസികളുടെ അമ്മയുമാണ് ' എന്ന് കത്തോലിക്കാ മതബോധനഗ്രന്ഥവും സാക്ഷ്യപ്പെടുത്തുന്നു. അല്ലെങ്കിൽ തന്നെ, ഹെന്നോക്കും (ഉൽപത്തി 5:24), ഏലിയാ പ്രവാചകനും (2 രാജാക്കന്മാർ 2:11) ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെങ്കിൽ, ദൈവപുത്രന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തെ എത്ര ആദരവോടെ വരവേറ്റു കാണും സ്വർഗ്ഗം

## സ്വർഗ്ഗവും സ്വാതന്ത്ര്യവും

സ്വർഗ്ഗത്തിലേക്കുള്ള ആരോഹണവും, സ്വർഗ്ഗത്തിൽ നിന്നുള്ള അവരോഹണവും ദൈവത്തിനു മാത്രം സാദ്ധ്യം. തനിക്ക് ഇഷ്ടമുള്ളവരെ അവിടേക്ക് സംവഹിക്കുവാനും അവനു കഴിയും. അങ്ങനെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടവളാണ് മറിയം. ആ ഗണത്തിലേക്ക് എത്തപ്പെടാൻ വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും (പുറപ്പാട് 15:11-15) എന്നത് ഓർക്കണം. പരിശുദ്ധ കന്യകാമറിയത്തിന്റെ ഈ സ്വർഗ്ഗാരോപണത്തിരുനാൾ ദിനത്തിലെങ്കിലും അതിനുള്ള യോഗ്യത നേടുക എന്നുള്ളതാണ് പരമപ്രധാനം. ചിന്തയിലും പ്രവൃത്തിയിലുമുള്ള അചഞ്ചലമായ വിശുദ്ധി, അഗാധമായ വിനയം, ദൈവഹിതത്തോടുള്ള സമ്പൂർണ വിധേയത്വം.., അങ്ങനെ ജീവിതത്തിലുടനീളം പരിശുദ്ധ അമ്മ അനുവർത്തിച്ച സുവിശേഷപുണ്യങ്ങൾ എത്രയോ അധികം. നമ്മളും വിളിക്കപ്പെട്ടിരിക്കുന്നത്, നിത്യജീവൻ അവകാശമാക്കാൻ തന്നെയാണ്. അതിലേക്ക് എത്തപ്പെടാൻ അമ്മ കാണിച്ചുതരുന്ന വഴി തന്റെ പുത്രനെ തന്നെയാണ്. 'അവൻ നിങ്ങളോട് പറയുന്നതു ചെയ്യുക' എത്രയോ ലളിതം.. എത്രയോ നേരായ വഴി!

എന്താണ് അവൻ പറഞ്ഞത് ? രണ്ടു കൽപനകൾ! നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ മനസ്സോടുകൂടെ സ്നേഹിക്കുക, നിന്നെപോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക..... ഇന്നേവരെ ഉണ്ടായതും, ഇനി ഉണ്ടാവാനിരിക്കുന്നതുമായ സർവ്വ നിയമങ്ങളും, കാച്ചിക്കുറുക്കിയെടുത്ത രണ്ടു കൽപനകൾ! അവ രണ്ടും പൂർണ്ണമായും അനുസരിക്കുക എന്നതിൽ കവിഞ്ഞ് മറ്റെന്താണ് സ്വർഗ്ഗപ്രവേശനത്തിനായി ഒരു മനുഷ്യന് യോഗ്യതയായി വേണ്ടത് ? ജീവിത വിശുദ്ധിയും പരസ്പര സ്നേഹവുമില്ലാതെ, ആരാണ് സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടുള്ളത് ? കർത്താവേ, കർത്താവേ, എന്നു കരഞ്ഞു വിളിച്ചാൽ മാത്രം കിട്ടുന്നതല്ല, സ്വർഗ്ഗത്തിലേക്കുള്ള പ്രവേശന യോഗ്യത, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം പൂർണ്ണമായി നിറവേറ്റുന്നവനാരോ അവനാണ് അതിനുള്ള പരിപൂർണ്ണ യോഗ്യത ( മത്തായി 7:21).

അതുകൊണ്ട്, നമുക്ക് ഒരുങ്ങാം. ജീവിതത്തിൽ പലപ്പോഴും പാലിക്കാൻ പറ്റാതെപോയ കൽപനകളും, പ്രാവർത്തികമാക്കാൻ കഴിയാതെപോയ യേശുവിന്റെ പ്രബോധനങ്ങളും ഇനിയെങ്കിലും കൈവിടാതെ നമുക്കു ചേർത്തു പിടിക്കാം. അവസാന വിധി നാളിൽ, വിശക്കുന്നവന് ഭക്ഷണം നൽകാത്തവരായും, ദരിദ്രനെ പരിപാലിക്കാത്തവരായും, നഗ്നനെ ഉടുപ്പിക്കാത്തവരായും, വിധിയാളന്റെ ഇടതുവശത്തെ കോലാടിൻ കൂട്ടത്തിലേക്ക് എത്തപ്പെടാതിരിക്കാൻ പരമാവധി പരിശ്രമിക്കാം.

അങ്ങനൊരു യാത്രയ്ക്കൊടുവിൽ, ഉറപ്പാണ്, സ്വർഗ്ഗത്തിന്റെ വാതിൽ നമുക്ക് മുമ്പിലും തുറക്കപ്പെടും.

സ്വർഗ്ഗം നമുക്കു നൽകുന്നത് സ്വാതന്ത്ര്യം കൂടിയാണ്. ഈ ലോക ദുരിതങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം. ദാരിദ്ര്യം, രോഗം, വേദന, വിശപ്പ്, വിവേചനം, അജ്ഞത, കലഹം എന്നിവയിൽ നിന്നുള്ള സ്വാതന്ത്ര്യം. ദൈവവുമായുള്ള കൂട്ടായ്മയിൽ, പൂർണ്ണമായ സംതൃപ്തിയിലും, വിവരണാതീതമായ സമാധാനത്തിലും, ശാശ്വത വിശ്രമം നൽകുന്ന സ്വാതന്ത്ര്യം!

ആഗസ്റ്റ് 15 ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം കൂടിയാണ്. ഓർക്കാം, ഓരോ ഭാരതീയനും പൂർണ്ണമായ അർത്ഥത്തിൽ, അവന് അവകാശപ്പെട്ട സ്വാതന്ത്ര്യമെങ്കിലും അനുഭവിക്കാൻ കഴിയുന്നുണ്ടോ എന്ന് അതിനുള്ള ഒരു അവസരം കൂടിയാവട്ടെ ഈ സ്വാതന്ത്ര്യദിനം.

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുന്നാൾ ആശംസകൾക്കും. പ്രാർത്ഥനകൾക്കുമൊപ്പം, ഏവർക്കും സ്വാതന്ത്ര്യദിനാശംസകൾ കൂടി നേരുന്നു. ■

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com